# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2159 — 18.06.2013-ൽ മറുപടിക്ക്

## നികുതി വെട്ടിപ്പുകൾ നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ | | ശ്രീ.കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൻതോതിൽ നികുതി വെട്ടിപ്പുകൾ നടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ചില നികുതി വെട്ടിപ്പുകേസുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | ഇത് നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (ബി) | ചരക്കു വാഹനങ്ങളിൽ കൊണ്ടുവരുന്ന സാധനങ്ങളിലൂടെയുള്ള നികുതി വെട്ടിപ്പു തടയുന്നതിനായി ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ചെക്ക്പോസ്റ്റിനു സമീപത്തുള്ള സമാന്തരവീഥികളിലൂടെയുള്ള അനധികൃത ചരക്കുനീക്കം തടയുന്നതിനും ഇന്റലിജൻസ് സ്ക്വാഡിനെ വിന്യസിച്ചിട്ടുണ്ട്. ഇതിനുപുറമേ പുറത്തു നിന്നും വരുന്ന സാധനങ്ങളുടെ വിശദാംശങ്ങൾ ഓൺലൈനായി സ്വീകരിച്ച് cross verify ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇറക്കുമതി ചെയ്യുന്ന സാധനങ്ങളിലെ നികുതി വെട്ടിപ്പു തടയുന്നതിനായി കസ്റ്റംസ് ഡിപ്പാർട്ട്മെന്റിൽ നിന്നും വിവരങ്ങൾ സ്വീകരിച്ച് cross verify ചെയ്യുന്ന സംവിധാനം ഊർജ്ജിതപ്പെടുത്തുന്നതിനായി Tax monitoring cell meeting -ൽ ഇത്തരം വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ക്ഷണിക്കുകയും മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ അവലോകനം |

| | | | |
|---|---|---|---|
| | | | നടത്തുകയും തുടർനടപടിക്കായി സ്ഥിരം സംവിധാനം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. നികുതി വെട്ടിപ്പ് നടത്തുന്നതായി പ്രഥമദൃഷ്ട്യാ വിവരങ്ങൾ ലഭ്യമായ വ്യാപാരസ്ഥാപനങ്ങളിൽ കട പരിശോധന നടത്തി കർശന നടപടി എടുക്കുന്ന സംവിധാനവുമുണ്ട്. അന്തർ സംസ്ഥാന വ്യാപാരങ്ങളുടെ വിവരങ്ങൾ IB Wing ശേഖരിച്ച് വ്യാപാരികൾ ഫയൽ ചെയ്ത റിട്ടേണുമായി cross check ചെയ്ത് അവയുടെ നിജസ്ഥിതി ഉറപ്പുവരുത്താറുണ്ട്. ചെക്ക്പോസ്റ്റിലെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഇന്റലിജൻസ് വിംഗ് കാലാകാലങ്ങളിൽ overtake ചെയ്യാറുണ്ട്. നികുതി വെട്ടിപ്പു സംശയിക്കുന്ന കേസുകളിൽ ഓഡിറ്റ് വിസിറ്റ് നടത്തുന്ന സംവിധാനവും നിലവിലുണ്ട്. മേൽപറഞ്ഞ വിവിധ നടപടികളിലൂടെ നികുതി വെട്ടിപ്പ് ഫലപ്രദമായി തടയാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | വൻ നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ? | (സി) | 42 കേസുകൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ